**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3599** **08-10-2025 - ൽ മറുപടിയ്ക്ക്**

**പ്രീ മ്യൂട്ടേഷൻ സ്കെച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എന്റെ ഭൂമി പോർട്ടൽ വഴി ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും മറ്റു സർവ്വേ സംബന്ധമായ ആവശ്യങ്ങൾക്കും ഡിജിറ്റൽ സർവേ പ്രകാരമുള്ള പ്രീമ്യൂട്ടേഷൻ സ്കെച്ച് ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഡിജിറ്റൽ സർവെ പൂർത്തീകരിച്ച വില്ലേജുകളിൽ ഭൂ സേവനങ്ങൾ എന്റെ ഭൂമി പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വില്ലേജുകളിൽ വസ്തു കൈമാറ്റം (രജിസ്ട്രേഷൻ) ചെയ്യുന്നതിന് DPMS (ഡിജിറ്റൽ പ്രീ മ്യൂട്ടേഷൻ സ്കെച്ച്), തണ്ടപ്പേര് സർട്ടിഫിക്കറ്റ് ഇവ നിർബന്ധമാണ്. എന്റെ ഭൂമി പോർട്ടൽ മുഖാന്തിരം ടി ജോലി സമയ ബന്ധിതമായി ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് DPMS (ഡിജിറ്റൽ പ്രീ മ്യൂട്ടേഷൻ സ്കെച്ച് ) ഉപയോഗിക്കുന്നുണ്ട്. |
| (ബി) | പ്രീ മ്യൂട്ടേഷൻ സ്കെച്ച് തയ്യാറാക്കുന്നതിന് ടോറൻസ് സമ്പ്രദായത്തിന്റെ മാതൃകയിൽ ലൈസൻസ്ഡ് സർവേയർമാർക്ക് കൂടി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. പ്രസ്തുത വിഷയത്തിൽ സർവെ വകുപ്പിലെ സർവെയർമാരുടെ സേവനമാണ് പ്രയോജനപ്പെടുത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ